# BIBLE APOSTOLATE
## DIOCESE OF PUNALUR

**15.09.2026**

**ബൈബിൾ കലോത്സവം 2026**

ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റേഴ്സ്, വിശ്വാസപരിശീലന അധ്യാപകരെ, കുഞ്ഞുമക്കളെ, പ്രിയ സഹോദരങ്ങളെ,

ഏവർക്കും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിൽ നിന്നും പ്രാർഥനാശംസകൾ...!

**2026-'27** കെ കെ സി ബി സി ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ അഖിലകേരള ബൈബിൾ കലോത്സവം 2027 ജനുവരി 2,3 തീയതികളിൽ നടത്തപ്പെടുന്നു. ഈ വർഷം നമ്മുടെ രൂപത അതിൽ പങ്കെടുക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു.

ആയതിനാൽ രൂപതാതല **ബൈബിൾ കലോത്സവം 2026 ഒക്ടോബർ 20, 21** തീയതികളിൽ ബൈബിൾ അപ്പസ്തോലേറ്റിന്റെയും പാസ്റ്ററൽ മിനിസ്ട്രിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. രചനാ മത്സരങ്ങളും അവതരണ മത്സരങ്ങളുമുണ്ട്.

**രചനാ മത്സരങ്ങൾ:** **കവിത, ചെറുകഥ, നാടക രചന, ലേഖനം, പെയിന്റിംഗ്.**

രചനാ മത്സരങ്ങൾ അതത് ഇടവകയിൽ ഒക്ടോബർ 20, 21 തീയതിക്കു മുമ്പായി നടത്തുകയും വിജയികളുടെ പേരുവിവരങ്ങൾ പത്തനാപുരം ഓഫീസിൽ ഏൽപ്പിക്കുകയും ചെയ്യണം.

**അവതരണ മത്സരങ്ങൾ:** **ലളിതഗാനം, സങ്കീർത്തന ആലപനം, ശാസ്ത്രീയ സംഗീതം, പ്രസംഗം സിംഗിൾ, നാടോടി നൃത്തം, ബൈബിൾ ക്വിസ്, കഥാപ്രസംഗം, മാർഗംകളി, നാടകം, തെരുവ് നാടകം** തുടങ്ങിയവയാണ്.

അവതരണ മത്സരങ്ങൾ ഒക്ടോബർ 20, 21 തീയതികളിൽ പത്തനാപുരത്ത് വച്ച് നടത്തപ്പെടുന്നു, അതിൽ ഓരോ ഇടവകയിൽ നിന്ന് സീനിയർ വിഭാഗത്തിൽ ഒരു പെൺകുട്ടിയും ഒരു ആൺകുട്ടി, ജൂനിയർ വിഭാഗത്തിൽ ഒരു പെൺകുട്ടിയും ഒരു ആൺകുട്ടി എന്ന രീതിയിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. എന്നിരുന്നാലും ഇടവകകളിൽ നിന്ന് **1000/-** രൂപയും ഉപ ഇടവകകളിൽ നിന്ന് **500/-** രൂപയും ബൈബിൾ കലോത്സവത്തിന് വേണ്ടി നൽകേണ്ടതാണ്. പങ്കെടുക്കുന്ന ഇടവകകളിൽ നിന്ന് പോയിന്റ് അടിസ്ഥാനത്തിൽ ബെസ്റ്റ് പാരീഷും ബെസ്റ്റ് ഫെറോനയും തിരഞ്ഞെടുക്കുന്നതാണ്. മുൻകാലങ്ങളിൽ നിങ്ങൾ നൽകിയ എല്ലാ പിന്തുണയും പ്രോത്സാഹനവും, പ്രാർഥനയും സാന്നിധ്യവും തുടർന്നും പ്രതീക്ഷിക്കുന്നതോടൊപ്പം സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

**2026-'27** രൂപതാതല ബൈബിൾ കലോത്സവത്തിന്റെ കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രായപരിധി**

**ജൂനിയേഴ്സ്** 2012 ജനുവരി ഒന്നാം തീയതിയോ അതിനുശേഷം ജനിച്ചവർ. **സീനിയേഴ്സ്** 2002 ജനുവരി ഒന്നു മുതൽ 2011 ഡിസംബർ 31 വരെ (31 ഉൾപ്പെടെ) ജനിച്ചവർ. ജൂനിയേഴ്സിന് സീനിയർ വിഭാഗത്തിലോ സീനിയേഴ്സിന് ജൂനിയർ വിഭാഗത്തിൽ മത്സരിക്കാൻ അനുവാദമില്ല. ചിത്രരചന ഒഴികെയുള്ള രചനാമത്സരങ്ങൾക്ക് പ്രായ നിബന്ധനകൾ ഇല്ല.

## അവതരണ വിഷയം

എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ബൈബിൾ ആഭിമുഖ്യം ഉള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ ചേർത്തതു കൊണ്ട് മതിയാവുകയില്ല. രചനയിലും അവതരണത്തിലും ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്.

## പ്രത്യേക ആനുകൂല്യം

ഗ്രൂപ്പിനങ്ങളിൽ ഒരാൾക്ക് പങ്കെടുക്കാൻ ആവാത്ത അവസ്ഥ വന്നാൽ പകരം മറ്റൊരാളെ പങ്കെടുപ്പിക്കാവുന്നതാണ്. മത്സരത്തിന് 24 മണിക്കൂർ മുമ്പ് ഇടവക വികാരിയുടെ കത്തോടുകൂടി ഇക്കാര്യം അറിയിച്ചു പേര് വിവരങ്ങൾ നൽകേണ്ടതാണ്.

## രചനാ മത്സരങ്ങൾ

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവും ആയിരിക്കണം.
2. അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
3. കടലാസിന്റെ ഒരു വശത്തു മാത്രമേ എഴുതാവൂ. ചെറുകഥ ആറ് പേജുകളിലും, ലേഖനം 10 പേജുകളിലും കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റ് കൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം.
4. മത്സരത്തിന് അയക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിന് അയക്കുന്നതിന് മുൻപ് വേറെ കോപ്പി കരുതേണ്ടതാണ്.
5. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക
   **ഗ്രൂപ്പ് നമ്പർ** 1 അല്മായയർ
   **വിഷയം: ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും**

   **ഗ്രൂപ്പ് നമ്പർ** 2 സെമിനാരി വിദ്യാർഥികൾ
   **വിഷയം: ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും**

   **ഗ്രൂപ്പ് നമ്പർ** 3 സന്യാസിനികൾ
   **വിഷയം: ദൈവവചനവും ഫ്രാൻസിസ് അസ്സീസിയും, സന്ന്യസ്ത ജീവിതവും.**

6. അവതരണ മത്സരങ്ങളോടൊപ്പം ആയിരിക്കും പെയിന്റിങ് മത്സരവും നടത്തുന്നത്. മത്സര സമയത്ത് ബൈബിളിൽ നിന്നും നൽകുന്ന വിഷയത്തിനനുസരിച്ച് ആയിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് വാട്ടർ കളർ ആണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

## അവതരണ മത്സരങ്ങൾ

1. **ലളിതഗാനം**
   *(സമയം 5 മിനിറ്റ്. മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായിരിക്കും. ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന ഏത് ലളിതഗാനവും ആകാം.)*
2. **ശാസ്ത്രീയ സംഗീതം**
   *(പാടുന്നതിന് ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആധികാരിക കൃതിയോ മൗലിക കൃതിയോ ഉപയോഗിക്കാം. കീർത്തനങ്ങളോ വർണ്ണങ്ങളോ ആകാം. സമയം 7 മിനിറ്റ്.)*
3. **പ്രസംഗം**
   *(പ്രസംഗത്തിന് അഞ്ചുമിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുന്നത് സമയം അഞ്ചു മിനിറ്റ്)*
4. **കഥാപ്രസംഗം**
   *(സമയം 15 മിനിറ്റ് പിന്നണിയിൽ എത്രപേർക്ക് വേണമെങ്കിലും സഹായിക്കാം. പിന്നണിയിൽ ഉള്ളവർ ഏറ്റുപാടുന്നതും അനുവദനീയമാണ്. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല.)*

5. **ബൈബിൾ ക്വിസ്**

രണ്ടുപേർ വീതമുള്ള ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. എല്ലാവരോടും എല്ലാ ചോദ്യങ്ങളും ചോദിച്ച് എഴുതിക്കുന്ന മാർഗം അവലംബിച്ച് ആകെയുള്ള ടീമിൽ നിന്ന് 5 ടീമുകളെ തിരഞ്ഞെടുക്കും. അവരിൽനിന്ന് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ചോദ്യോത്തരം മാർഗങ്ങൾ ഉപയോഗിച്ച് ആയിരിക്കും വിജയികളെ കണ്ടെത്തുക. ജൂനിയേഴ്സ് സീനിയേഴ്സ്. **വിഷയം: a സാമുവൽ, b യോഹന്നാന്റെ സുവിശേഷം, c ഗലാത്യ**

6. **ഡാൻസ്**

സിംഗിൾ നാടോടി നൃത്തം ( ജൂനിയർ സീനിയർ) ഏഴു മിനിറ്റ്.

*(പിന്നണിയിൽ പെൻഡ്രൈവ് സംഗീതം മാത്രമേ അനുവദനീയമായിട്ടുള്ളൂ. മ്യൂസിക് പ്ലെയർ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്.)*

7. **സങ്കീർത്തനാലാപനം**

*(സമയം അഞ്ചു മിനിറ്റ്. POC ബൈബിൾ ആണ് ആലാപനത്തിന് ഉപയോഗിക്കേണ്ടത്. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. വരികൾ ആവർത്തിക്കുന്നതിൽ കുഴപ്പമില്ല. ഉച്ചാരണം, ഭാവം, താളം, ലയം എന്നിവ വിലയിരുത്തപ്പെടും.)*

8. **തെരുവുനാടകം**

*1) ബൈബിൾ പ്രമേയങ്ങൾ ആയിരിക്കണം അവതരിപ്പിക്കുന്നത്*
*2) സമയം 20 മിനിറ്റ് ആയിരിക്കും*
*3) വസ്ത്ര ചമയങ്ങൾ ആകാം എന്നാൽ കളർ ചായങ്ങൾ ഉപയോഗിച്ചുള്ള മേക്കപ്പ് പാടില്ല.*

9. **മാർഗംകളി**

*(അവതരണത്തിന് അനുവദിച്ചിട്ടുള്ള സമയം 10 മിനിറ്റ് ആണ്. ഏഴുപേരെ പങ്കെടുക്കാവൂ. കുഴിത്താളം ( ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്.)*

10. **നാടകം**

*1) അവതരണ സമയം 20 മിനിറ്റിൽ കുറയാനും 30 മിനിറ്റിൽ കവിയാനും പാടില്ല. ഒരു നാടകം അവസാനിച്ചു 5 മിനിറ്റ് കഴിഞ്ഞ് സ്റ്റേജ് സജ്ജീകരണത്തിന് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് അഞ്ചു മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനു ശേഷമേ നാടകം ആരംഭിക്കാവൂ.*

*2) സ്റ്റേജിൽ ബാക്ക് കർട്ടൻ, ഫ്രണ്ട് കർട്ടൻ, രണ്ട് ഫുട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്.*

*3) വിലയിരുത്തൽ: ഇതിവൃത്തം (25) അവതരണം(25) സംവേദനം (25) അഭിനയം(25)*

സ്നേഹപൂർവം,

**ഫാ. സഹായ റൂബിൻസ്**
ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ
**8078 769 095**

**ഫാ. ജസ്റ്റിൻ സഖറിയ**
പാസ്റ്ററൽ മിനിസ്ട്രി ഡയറക്ടർ
**95442 52644**

NB: വികാരി അച്ചന്റെ സാക്ഷിപത്രത്തോടൊപ്പം രജിസ്റ്റർ ചെയ്യേണ്ട തീയതി: 2026 സെപ്റ്റംബർ 26 ശനിയാഴ്ച (രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ)